Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

28.06.2025

# ജൂബിലിയിൽ അന്താരാഷ്ട്ര മൈക്രോബയോം ദിനം ആചരിച്ചു.

മനുഷ്യശരീരത്തിലും നമ്മുടെ പരിസ്ഥിതിയിലുമുള്ള അണുജീവികളാണ് നമ്മുടെ ആരോഗ്യവും സുഖജീവിതവും സാധ്യമാക്കുന്നതെന്നും അവയെപറ്റി പഠിക്കാനും ബോധവത്കരിക്കാനുമാണ് മൈക്രോബയോം ദിനം ആചരിക്കുന്നതെന്നും മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവായ പത്മശ്രീ എം. ചന്ദ്രദത്തൻ അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര മൈക്രോബയോം ദിനത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോബയോമും (സി.ഒ.ഇ.എം.) തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജു, ഗവേഷണകേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച 'മൈക്രോബയോം ആന്റ് ഹ്യൂമൺ ഹെൽത്ത്' എന്ന വിഷയത്തെ ആസ്പദമാക്കിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നമ്മുടെ അന്തരീക്ഷത്തിലും സമുദ്രത്തിലും വലിയ തോതിലുള്ള അമുജീവികൾ നിലവിലുണ്ട്. കാലാവസ്ഥാവ്യതിയാനം മൂലം മഞ്ഞുരുകിവരുമ്പോൾ നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും നമ്മൾ അറിയാത്തതുമായ നൂറുകണക്കിന് അണുജീവികൾ നമ്മുടെ ജലാശയത്തിലേക്ക് എത്തുന്നതുവഴി പാരിസ്ഥിതിക മാറ്റങ്ങൾക്ക് കാരണമാകുന്നു. ഇത് നമ്മുടെ ജീവനും ആരോഗ്യത്തിനും പരമപ്രധാനമാണ്. ഇനിയുള്ള പഠനങ്ങൾ ഇവയെ സംബന്ധിച്ചാകുമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കേരള ഫിഷറീസ് യൂണിവേഴ്സിറ്റി വൈസ്ചാൻസിലർ ഡോ. എ. ബിജുകുമാർ അഭിപ്രായപ്പെട്ടു. ജൂബിലി മെഡിക്കൽ കോളേജിലെ മദർ തെരേസ ഹാളിൽ നടന്ന ചടങ്ങിൽ ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി റിസേർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ആശംസകൾ നേർന്നു. സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം ഡയറക്ടർ ഡോ. സാബു തോമസ് മൈക്രോബയോം ദിനാചരണത്തെക്കുറിച്ച് പ്രതിപാദിച്ചു. ഡോ.അപർണ ശങ്കർ സ്വാഗതവും ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം. എ. ആൻഡ്രൂസ് നന്ദിയും പറഞ്ഞു.

തുടർന്ന് വിവിധ മൈക്രോബയോം വിഷയങ്ങളെ അടിസ്ഥാനമാക്കി ഡോ. ബേബി ചക്രപാണി (കുസാറ്റ്, കൊച്ചി), ഡോ. ശങ്കർ റാം (ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം), ഡോ. മഹേഷ് എസ്. കൃഷ്ണ (സീനിയർ സയന്റിസ്റ്റ്, സി.ഒ.ഇ.എം.), ഡോ. അലക്സ്

ജോർജ്ജ് (സയന്റിസ്റ്റ്, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കാർത്തിക (സയന്റിസ്റ്റ്, സി.ഒ.ഇ.എം.) ഉപസംഹരിച്ചുകൊണ്ട് സംസാരിച്ചു. ഡോ. മാത്യു ജോൺ (സയന്റിസ്റ്റ്, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച്) നന്ദി പ്രകാശിപ്പിച്ചു. നാൽപ്പതിൽപരം സ്ഥാപനങ്ങളിൽ നിന്നായി മുന്നോറോളം പേർ സെമിനാറിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ് :അന്താരാഷ്ട്ര മൈക്രോബയോം ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മൈക്രോബയോം ആന്റ് ഹ്യൂമൺ ഹെൽത്ത് സെമിനാറിന്റെ ഉദ്ഘാടനം പ്തമശ്രീ എം. ചന്ദ്രദത്തൻ നിർവ്വഹിക്കുന്നു. ഡോ. അപർണ ശങ്കർ, ഡോ. സാബു തോമസ്, ഡോ. എ. ബിജുകുമാർ, ഡോ. ഡി. എം. വാസുദേവൻ, ഡോ. എം. എ. ആൻഡ്രൂസ്, ഫാ. റെന്നി മുണ്ടൻകുരിയൻ എന്നിവർ സമീപം